സുന്ത്രീണിസോ ശുശ്രൂഷ

നിതാന്ദ്യ വന്ദ്യ ദിവ്യ മഹിമ ശ്രീ. ഡോ. ഗീവറുഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലിത്താ മലങ്കരയുടെ ഇരുപത്തി രണ്ടാം മാർത്തോമ്മായുടെ സ്ഥാനാരോഹണ ശുശ്രൂഷ.

യോശുവയുടെ പുസ്തകം 1:1-6
പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും തിരുനാമത്തിൽ തന്നെ. ആമ്മീൻ
ഇത് യഹോവ ഉണ്ടാക്കിയ ദിവസം, നാം സന്തോഷിച്ച് ആനന്ദിക്കാം.
യിസ്രായേൽ മക്കളുടെ വാഗ്ദത്ത നാട്ടിലേക്കുള്ള മരുഭൂയാത്രയുടെ അമരക്കാരൻ ദൈവ പുരുഷനായ മോശെ ആയിരുന്നു. 40 വർഷം നീണ്ടു നിന്ന അതികഠിന യാത്ര കനാനിൽ എത്തുന്നതിന് തൊട്ട് മുമ്പ് ദൈവം മോശെയോടു കല്പിച്ചു 'വാഗ്ദത്ത നാട്ടിൽ നീ പ്രവേശിക്കുകയില്ല'. സഭയുടെ കലഹത്തിൽ സീൻ മരുഭൂമിയിൽ വച്ച് ജനം കാൺകെ വെള്ളത്തിന്റെ കാര്യത്തിൽ എന്റെ കല്പനയെ മറുത്തതു കൊണ്ട് നീ കനാനിൽ പ്രവേശിക്കുകയില്ല. സംഖ്യ. 27 : 14 നെബൊ പർവ്വതത്തിൽ പിസ്ഗാമലയിൽ കയറി കനാൻ ദർശിക്കുക. അവിടെ വച്ച് നീ മരിക്കും. മോശെയെ ദൈവം തന്നെ കബറടക്കി എന്ന് വചനം പറയുന്നു.
മോശെക്കു ശേഷം ആര്?
തന്റെ നിര്യാണ തീരുമാനം കേട്ട് യഹോവയോട് മോശെ പറയുന്നു. (സംഖ്യ. 27: 15) - യഹോവയുടെ സഭ ഇടയനില്ലാത്ത ആടുകളെപ്പോലെ ആകാതിരിപ്പാൻ അവർക്ക് മുമ്പായി പോകുവാൻ സഭയുടെ മേൽ ഒരാളെ നിയമിക്കണമേ.
പ്രതിവിധി ദൈവം തന്നെ ക്രമീകരിച്ചു. യോശുവാ ഈ ജനത്തെനയിക്കും. സംഖ്യാ. 27 : 18 ദൈവം മോശെയോടു പറഞ്ഞു - എന്റെ ആത്മാവുള്ള പുരുഷനായി, നൂന്റെ മകനായ യോശുവായെ വിളിച്ച്, അവന്റെ മേൽ കൈവച്ച്, അവനെ പുരോഹിതനായ എലെയാസറിന്റെയും സർവ്വസഭയുടെയും മുമ്പാകെ നിറുത്തി അവർ കാൺകെ അവനെ നിയോഗിക്കുക.
യോശുവാ
40 വർഷം മോശെയോടു ചേർന്ന് നടന്നവൻ - കണ്ടും കേട്ടും പഠിച്ചവൻ. യോശുവയും കാലേബും മാത്രമാണ് 6 ലക്ഷം ജനങ്ങളിൽ നിന്ന് വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചത്. യേശുവാ എന്ന ഗ്രീക്ക് പദത്തിന് 'കർത്താവ് രക്ഷിക്കുന്നു'. 'ദൈവം രക്ഷയാകുന്നു', God Saves എന്ന് അർത്ഥം.
ബി.സി. 1405 യോശുവയുടെ കാലം എന്ന് കുറിക്കപ്പെട്ടിരിക്കുന്നു. 25 വർഷം യിസ്രായേൽ ജനത്തെ നയിച്ചു. 110 വയസ്സുള്ളവനായി പിതാക്കന്മാരുടെ തലമുറയോടു ചേർന്നു. ഒരു മഹാമേരു പോലെ വളർന്ന്, ദൈവത്തോടു മുഖാമുഖമായി സംസാരിക്കാൻ ഭാഗ്യം കിട്ടിയ, പത്ത് കല്പന അടങ്ങുന്ന കൽപലക യഹോവയിൽ നിന്ന് വാങ്ങുവാൻ ഭാഗ്യം ലഭിച്ച മോശെ- മോശെക്കു ശേഷം ആര്?.

പുറപ്പാട് പുസ്തകം 3 -ാം അദ്ധ്യായം മുതൽ പടിപടിയായുള്ള മോശെയുടെ വളർച്ചയും ഉയർച്ചയും നമുക്ക് കാണാം. നിന്നെപ്പോലെ ഒരു പ്രവാചകനെ ദൈവം നിങ്ങൾക്ക് എഴുന്നേല്പിച്ചു തരും എന്ന പ്രവചനം (ആവ.18:18) യേശുവിൽ നിറവേറുന്നതുവരെ മോശെ എന്ന ദൈവ പുരുഷനെ യഹൂദ ജനം അത്ഭുതത്തോടെ നോക്കി കണ്ടു.
മോശെക്കു ശേഷം ആര്?
ഈ വലിയ ദൗത്യം നിറവേറ്റാൻ ദൈവം തന്നെ യോശുവായെ ശക്തീകരിക്കുന്നു. ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക. വിശ്വാസ ജീവിതത്തിൽ പ്രതികൂലങ്ങളെ അഭിമുഖീകരിക്കുന്ന എല്ലാ വിശ്വാസികളോടും എക്കാലത്തേക്കുമുള്ള ദൈവീക സന്ദേശമാണ് ഇത്, കൂടെയിരിക്കുന്ന ദൈവം.
തന്നിൽ ആശ്രയിക്കുന്ന, തന്നെ ഭയപ്പെടുന്ന എല്ലാ നേതാക്കളോടും ശുശ്രൂഷകരോടും ദൈവം പറയുന്നു - ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക.
എന്തിനാണ് ഉറപ്പും ധൈര്യവും - യോശുവ. 1:7
ന്യായപ്രമാണം അനുസരിച്ച് നടക്കുന്നതിന് ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക. അത് വിട്ട് ഇടത്തോട്ടൊ വലത്തോട്ടൊ മാറരുത്. ദൈവ വചനത്തിന്റെ കലവറക്കാരനും സുക്ഷിപ്പുകാരനും തിരുസഭയാണ്. ക്രിസ്തു വിശ്വാസത്തിന്റെ അച്ചുതണ്ട് ദൈവ വചനമാകുന്നു. ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു. എത്രമാത്രം എന്നത് തിരിച്ചറിയുന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. ഹൃദയത്തിൽ ദൈവമുള്ളവനു മാത്രമേ ഒരു ദൈവികനാകാൻ കഴിയു, ഒരു വൈദീകനാകാൻ കഴിയു. അവനു മാത്രമേ ദൈവത്തെ കാണിച്ചു കൊടുപ്പാൻ കഴിയു. വചനം ഉള്ളിലുള്ളവനു മാത്രമേ വചനമായ യേശുവിനെ കാണിപ്പാൻ കഴിയു.
പ്രസംഗത്തിന്റെ ലക്ഷ്യം വി. പൗലോസ് അപ്പോസ്തോലൻ പറയുന്നു - ക്രിസ്തു നിന്നിൽ ഉരുവാകേണം. ഞാൻ പ്രസവ വേദനപ്പെടുന്നു. ഭാരതം ദൈവത്തെ അറിയുന്നത് ആത്മനിഷ്ഠയിലൂടെയാണ്. എന്നിലെ ഞാനായിട്ട് ദൈവത്തെ കാണുക. അഹം ബ്രഹ്മാസ്മി.
പുരോഹിതൻ എപ്പോഴും മുമ്പിൽ നിൽക്കുന്നവനാണ്. 12 ഗോത്രങ്ങളേയും വഹിച്ചു കൊണ്ട്. (പുറപ്പാട് 28:9-21) അതുപോലെ ഇടയനും. എന്നും ആട്ടിൻ കൂട്ടത്തിന് മുന്നിൽ നിന്ന് നയിക്കുന്നവൻ. ആടുകൾക്കു വേണ്ടി പക്ഷപാദം ചെയ്യുന്നവൻ .എവിടെയാണ് പോകേണ്ടതെന്ന് നിശ്ചയമില്ലങ്കിൽ ഏതു വഴിയും തിരഞ്ഞെടുക്കാം. എന്നാൽ യേശു പറയുന്നു - ഞാനാണ് വഴി, എന്നിലൂടെ പിതാവിന്റെ സന്നിധിയിൽ എത്തും. വഴിയാകുന്ന യേശുവിനെ മുന്നിൽ നിന്ന് കാണിക്കുന്നവനായിരിക്കണം മേല്പട്ടക്കാരൻ. പട്ടത്വം പണിയല്ല - നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പിക്കുക (2 പത്രോസ് 1:10). `Brethren, give diligence to make your calling and election sure.` പട്ടത്വം വിളിയാണ്. യഥാർത്ഥ ജാഗ്രതയാണ് പട്ടത്വത്തിന്റെ ബലം.
ഗതസമനയിൽ കർത്താവ് ചോദിക്കുന്നു- ശിമോനേ, നീ ഉറങ്ങുന്നുവോ പൂർവ്വാശ്രമ പേര് ചോല്ലി യേശു ചോദിക്കുന്നു നീ എന്തെ പത്രോസായില്ല.

ഒരു നാഴിക ഉണർന്നിരിപ്പാൻ നിനക്ക് കഴിയുന്നില്ലല്ലോ ശിമോനേ. കോവിഡ്- 19 ന്റെ കാലത്ത് സഭ സുഖ സുഷുപ്തിയിലോ? മന്ദത- മടി- ഉറക്കം. ഈ വലിയ രോഗ വ്യാപനകാലം ശ്രദ്ധയോടെ, ജാഗ്രതയോടെ ദൈവത്തോടു മല്ലു കെട്ടേണ്ട സമയം- മരണം വാതിൽക്കൽ. മടുത്തു പോകാതെ പ്രാർത്ഥിക്കേണ്ട സമയം. മരുന്നും, വൈദ്യനുമായ ദൈവത്തോടുള്ള പ്രാർത്ഥന. ഗത്സമനയുടെ തീവ്രതയിൽ, വ്യഥയിൽ നമുക്ക് നാഥനോടു പങ്കുചേരാം.
പരിശുദ്ധാത്മ പൂർണ്ണനായ ശേഷം പത്രോസ് അപ്പോസ്തോലൻ വാചാലനാകുന്നു. (1 പത്രോസ് 4.7) പ്രാർത്ഥനയ്ക്ക് സുബോധമുള്ളവർ ആകുക നിർമ്മദരായിരിക്കുക. Be ye therefore sober and watch unto prayer യഥാർത്ഥ ജാഗ്രതയാണ് പട്ടത്വത്തിന് ബലം .

Arch Bishop Fulten Sheen പറയുന്നു പരോഹിതൻ അവനു സ്വന്തമല്ല. Priest is not his own സ്വന്തമല്ലാത്ത അവസ്ഥ തിരിച്ചറിയണം. ലോകം മുമ്പില്ലാത്ത വിധം വിഭജിക്കപ്പെട്ടിരിക്കുന്ന കാലത്ത് വന്ദ്യ തിരുമേനി, അങ്ങ് സഭയുടെ തലവനായി ഉയർത്തപ്പെടുന്നു. വംശീയ വിദ്വേഷവും ജീവന്റെ ധ്വംസനയും വർദ്ധിച്ചുവരുന്നു. അമേരിക്കയിലും യൂറോപ്പിലും മാത്രമല്ല നമ്മുടെ രാജ്യത്തും വംശീയ വിദ്വേഷം ഏറിവരുന്നു. George Floyd- ന്റെ കരച്ചിൽ നമുക്കു ചുറ്റും I can't breath എനിക്ക് ശ്വസിക്കാൻ കഴിയുന്നില്ല. മരണ പാശങ്ങൾ ജീവനെ വരിഞ്ഞു മുറുക്കുന്നു. ഭയവും പേടിയും ഇന്ന് നമ്മെ ഗ്രസിക്കുന്നു. ആര് നമ്മെ ഇതിൽ നിന്ന് വിടുവിക്കും. 'എനിക്കുണ്ടൊരു ലോകം, നിനക്കുണ്ടൊരു ലോകം, നമുക്കില്ലൊരു ലോകം' എന്ന് തകരുന്ന ലോകം കണ്ട് കുഞ്ഞുണ്ണി മാഷ് കരഞ്ഞു പാടുമ്പോൾ ഫ്രത്തേലി തൂത്തി - ഏവരും സഹോദരങ്ങൾ എന്ന മാർപ്പാപ്പയുടെ ചാക്രിയ ലേഖനം ലോക ജനതയ്ക്ക് എത്ര സ്വാന്തനം നൽകുന്നു. വന്ദ്യ പിതാവേ, കേരളത്തിലെ ക്രൈസ്തവ സഭകൾക്കും, സമൂഹങ്ങൾക്കും ധർമ്മത്തിൽ ഉറച്ച നേതൃത്വവും കരുതലും നൽകിക്കൊടുക്കുവാൻ സർവ്വേശ്വരൻ അങ്ങയെ സഹായിക്കട്ടെ.

നവീകരണം സഭയിൽ കൊണ്ടുവന്ന തിരുവചനത്തിന്റെ ശക്തിയും പ്രാർത്ഥനയുടെ ബലവും നാം അനുഭവിച്ചറിയണം. നവീകരണം മലങ്കരയ്ക്കു മുഴുവൻ കൂടിയായിരുന്നു. ശിംശോനെപ്പോലെ ബലം നമ്മിൽ നിന്ന് ചോർന്നുപോയിട്ടുണ്ടോ? നാം പരിശോധിക്കപ്പെടണം. ആത്മീക ജീർണ്ണത നമ്മെ ബാധിച്ചിട്ടുണ്ടോ? സഭ ആത്മതപനം ചെയ്യണം (യോനാ 3:10). യിസ്രായേൽ ജനത്തെ കനാനിലേക്ക് നയിക്കുന്ന ആത്മീയ പോരാട്ടത്തിൽ തളർന്നു പോകാതെ യോശുവായ്ക്ക് ശക്തി പകർന്നത് ജാഗ്രതയോടെ ഉയർത്തപ്പെട്ട മോശെയുടെ കൈകളായിരുന്നു. അഹരോനും ഹൂരും പോലെ വന്ദ്യ പിതാവേ, ശത്രുവിനോടുള്ള ഈ പോരാട്ടത്തിൽ, തളർന്നുപോകാതെ, തോറ്റുപോകാതെ, ബലം ധരിക്കുന്നതിന് ഞങ്ങൾ കരങ്ങൾ ഉയർത്തി തിരുമേനിക്കായി പ്രാർത്ഥിക്കും.

ഉറപ്പും ധൈര്യവുമുള്ളവാനായിരിക്കുക വിശ്വസിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം.

നമ്മുടെ മുൻ രാഷ്ട്രപതി ബഹുമാന്യനായ എ. പി. ജെ. അബ്ദുൾ കലാം പ്രാതഥനയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ ശരീരത്തിന്റെ പരിമിതികളെ അതിലംഘിച്ച് നീ പ്രപഞ്ചത്തിന്റെ ഭാഗമായി തീരുകയാണ്. അവിടെ സമ്പത്തിന്റെയോ ജാതിയുടെയോ, വിശ്വാസത്തിന്റെയോ, യാതൊരു വിഭാഗീയതയുമില്ല. പ്രാർതഥന മനുഷ്യനെ ആത്മീയ തേജസുമായുള്ള ഐക്യം സാദ്ധ്യമാക്കുന്നു.

ദൈവാനുഭവം വ്യക്തിപരമാണ്. അതിന്റെ ബഹിർഭാവം ( സമൂഹം ദർശിക്കുന്നു) മനുഷ നന്മയിലുള്ള പ്രവർത്തനമാണ്. പൂർവ്വീകരുടെ വിശ്വാസ ചരിത്രം ഇന്ന് നമ്മിലൂടെ ആവർത്തിക്കപ്പെടുകയും പുനഃസൃഷ്ടിക്കപ്പെടുകയും വേണം.

തിരുവചനത്തിലേക്കുള്ള മടക്കം വിശ്വാസ നവീകരണത്തിന് അടിസ്ഥാനമാണ്. നവീകരണം ഒരു തുടർ പ്രക്രിയയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ക്രിസ്തീയ ശുശ്രൂഷകരുടെ ജീവിതം ഉടഞ്ഞു തകരാവുന്ന മൺ പാത്രങ്ങളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ( 2 കൊരി. 4.7)

സുവിശേഷം ക്രിസ്തുവിന്റെ അത്യന്ത ശക്തിയിൽ രൂപപ്പെട്ടിരിക്കുന്നു. ആത് ശുശ്രൂഷകന്റെ സ്വന്തമല്ല - ദൈവ ദാനമത്രെ. ദൈവരാജ്യത്തിനായി നഷ്ടവും, കഷ്ടവും ഏറ്റെടുത്തവരായിരുന്നു അപ്പോസ്തോലർ. അവരുടെ പ്രതിനിധിയായിട്ടാണ് വന്ദ്യ പിതാവേ, അവിടുന്ന് ഇന്ന് അവരോധിതനാകുന്നത്. ഇന്ന് ലാഭം കൊയ്യാൻ പലരും വിശ്വാസം ഉപകരണമാക്കുന്നു. എബ്രായ ലേഖന കർത്താവ് (എബ്രാ. 3.1) പറയുന്നു. മഹാ പുരോഹിതനായ യേശുവിനെ ശ്രദ്ധിച്ചുനോക്കൂ. Look at Jesus the high Priest

അപ്പോസ്തോലർ നിർവ്വഹിച്ചത് ക്രിസ്തു ശുശ്രൂഷയുടെ തുടർച്ചയാണ്. ഏദനിൽ ആരംഭിച്ചു ക്രിസ്തുയേശുവിൽ പൂർണ്ണമാക്കപ്പെട്ട ശുശ്രൂഷ. ദൈവം താൻ തിരഞ്ഞെടുത്ത് അഭിഷേകം ചെയ്തവരിലൂടെ ഈ ശുശ്രൂഷ തുടരുന്നു.

അപ്പോസ്തോലരിൽ 11 പേരും ഈ സുവിശേഷത്തിനായി ജീവൻ കൊടുത്തവരാണ്.

സ്ഥാനാരോഹണ ശുശ്രൂഷയുടെ ഉച്ചസ്ഥിതിയിൽ മെത്രാപ്പോലീത്തായെ സിംഹാസനത്തിൽ ഉയർത്തി Oxios  വിളിക്കുന്ന ഭാഗമുണ്ട്. വിശ്വാസ സംരക്ഷകരായ പൂർവ്വികരുടെ പേര് നൽകി, സിംഹാസനത്തിൽ ഉയർത്തി, ഇവൻ ഉത്തമനും യോഗ്യനും എന്ന് 3 പ്രാവശ്യം ഓക്സിയോസ് വിളിക്കുന്നു. ഇവൻ ബലിക്ക് ഊനമറ്റ യാഗവസ്തു എന്നാണർത്ഥം.  പൗലൊസ് അപ്പോസ്തോലൻ റോമർ 12.1-ൽ പറയുന്നതുപോലെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമായ ബലിയായി അർപ്പിക്കുക. യാഗവസ്തുവിനെ കൊല്ലാതെ, ജീവനോടെ യാഗപീഠത്തിൽ ദിനം തോറും സമർപ്പിക്കുന്നു.

അനുഗ്രഹീതമായ ഒരു പൗരാണിക, കൊച്ചു സഭയിൽ ജനിപ്പാനും, ആരാധിപ്പാനും ദൈവം നമുക്ക് കൃപ നൽകിയിരിക്കുന്നു. ദൈവം ശ്രേഷ്ഠ പിതാക്കന്മാരെ നമുക്ക് മുന്നൊരുക്കിയിരുന്നു.

1889 ജൂലായ് 12 -ാം തീയതി തിരുവിതാംകൂർ റോയൽ കോടതിയുടെ (സെമ്മനാരി കേസ്സിന്റെ) വിധിമൂലം സർവ്വസ്വവും വിട്ടിറങ്ങിപ്പോരേണ്ടി

വന്ന വരാണ് നമ്മുടെ പൂർവ്വീകർ. തോറ്റ് തുന്നം പാടിയവർ. ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ചാരത്തിൽ നിന്ന് ഉയിർത്ത ഒരു വിശ്വാസ സമൂഹമാകുന്നു നമ്മൾ.
പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കബറടക്ക സമയത്ത്, കബറടക്കാൻ മറ്റൊരു മെത്രപ്പോലീത്താ ഇല്ലാതെ വന്നപ്പോൾ, കോട്ടരേത്ത് അച്ചൻ പ്രാർത്ഥിച്ചു - ദൈവമേ മോശെ മരിച്ചപ്പോൾ അവർക്ക് ഒരു യോശുവാ ഉണ്ടായിരുന്നു. ഞങ്ങൾക്കോ ആരുമില്ല എന്ന് പറഞ്ഞ് ജനത്തോടൊപ്പം കരഞ്ഞു- അപ്പോൾ വകാരി ജനറാൾ കോവൂരച്ചൻ പ്രാർത്ഥിച്ചു- എല്ലാം ദൈവം നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കും

8-ാം മാർത്തോമ്മയുടെ കാലത്ത് സഭയിലുണ്ടായ അപ്പോസ്തോലിക കൈവയ്പിന്റെ ന്യൂനത പരിഹിരിക്കുന്നതിന് അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്ന് കൈവയ്പ്പ് സ്വീകരിച്ച്, സ്വയ ശീർഷകത്വവും, സ്വയാധികാരവും (Autonomous & Autocephalous) വ്യക്തിത്വവുമുള്ള മലങ്കര സഭയ്ക്ക് 23-ാം വയസ്സിൽ 13 -ാംമെത്രാപ്പോലീത്തയായി, തിരുവെഴുത്തു വിളംമ്പരംമൂലം മലങ്കര സഭാ ഭരണം നിർവ്വഹിച്ച പാലക്കുന്നത്ത് വലിയ മാത്യൂസ് മാർ അത്തനാസ്യോസ് തിരുമേനി,

പത്തു വർഷം നീണ്ടു നിന്ന സിമനാരി കേസ് മൂലം പഴയ സിമ്മനാരിയും പള്ളികളായ പള്ളികൾ എല്ലാം വിട്ടു പോരേണ്ടി വന്ന പാലക്കുന്നത്തു തോമസ് മാർ അത്താനാസ്യോസ് മെത്രപ്പോലീത്താ, സഭയുടെ അഗ്നി പരീക്ഷണ കാലം സഭയെ നയിച്ച ഭക്തനായ തീത്തൂസ് ഒന്നാമൻ തിരുമേനി, ഈ സ്ഥാനാഭിഷേകത്തിന് ദൈവം തുണച്ച തൊഴിയൂർ സുറിയാനിസഭ, തകർന്ന് കിടന്ന സഭാഗാത്രത്തെ ഊടും പാവും കൊടുത്ത് നെയ്തെടുത്ത ധിഷ്ണാശാലിയായ തീത്തൂസ് രണ്ടാമൻ തിരുമേനി, സുവിശേഷ ഘോഷണത്തിനായി താൻ അഭിക്ഷിക്തനായിരിക്കുന്നു എന്ന് തെളിഞ്ഞ ബോദ്ധ്യത്തിൽ സുവിശേഷം എല്ലാവർക്കും എല്ലായിടത്തും എന്ന ചിന്തയിൽ എന്റെ മാർത്തോമ്യരേ, യാക്കോബ്യരേ, ആംഗ്ലേയരേ എന്ന വിളിച്ചു സുവിശേഷം ഘോഷിച്ച ഏബ്രഹാം മാർത്തോമ്മ തിരുമേനി, വിശ്വാസവും പ്രവർത്തിയും ഒന്നാണെന്നും പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണന്ന് യാക്കോബ് ശ്ലീഹായുടെ ദർശനം നമുക്ക് കാട്ടിത്തന്ന യുഗ പ്രഭാവനായ യൂഹാനോൻ മാർത്തോമ്മ തിരുമേനി,ഋഷിതുല്യനായി ജീവിച്ച് ലാളിത്യത്തിന്റെ മകുടമായി ശോഭിച്ച അലക്സാണ്ടർ മാർത്തോമ്മ വലിയ തിരുമേനി, സമസ്ഥ ലോകത്തിന്റെയും ആദരവ് നേടി, രാജ്യം പത്മഭൂഷൺ നൽകി ആദരിച്ച ക്രിസോസ്റ്റം വലിയ തിരുമേനി, ഒരു വടവൃക്ഷം പോലെ വളർന്ന്, ഉയർന്ന്, പന്തലിച്ച് ധന്യനേതൃത്വം നൽകി വാങ്ങിപ്പോയ അഭിവന്ദ്യ ജോസഫ് മാർത്തോമ്മ തിരുമേനി,കൂടാതെ, കുരുടാമണ്ണിൽ മാത്യൂസ് തിരുമേനി, പനംപുന്നയിൽ തോമസ് തിരുമേനി, ഈശോ മാർ തിമൊഥെയോസ് തിരുമേനി, സഖറിയാസ് മാർ തെയൊഫിലോസ് തിരുമേനി, ഗീവറുഗീസ് മാർ അത്താനാസ്യോസ് തിരുമേനി ഇവരെല്ലാവരും വന്ദ്യപിതാവേ അവിടുത്തെ മുൻഗാമികളും

ഉന്നതവും ശ്രേഷ്ഠവുമായ നേതൃത്വവും ശുശ്രൂഷയും സഭയ്ക്കും സമൂഹത്തിനും നൽകിത്തന്നവരുമാണ്. ഈ വന്ദ്യ പിതാക്കന്മാരുടെ പിൻഗാമിയായി ഇരുപത്തി രണ്ടാം മാർത്തോമ്മ ആയി വിശുദ്ധ മാർത്തോമ്മായുടെ പൗരസ്ത്യ സിംഹാസനത്തിൽ വന്ദ്യ പിതാവേ, അങ്ങ് ഇന്ന് അവരോധിക്കപ്പെടുന്നു. മാർത്തോമ്മ ശ്ലീഹാ മുതൽ ഇന്നോളം ഈ ശ്ലൈഹീക സിംഹാസനത്തെ ആദരിച്ച് പ്രബലപ്പെടുത്തിയ എല്ലാ ആത്മീയ ആചാര്യന്മാരെയും സഭ ഇന്ന് നന്ദിയോടെ ദൈവമുമ്പാകെ സ്മരിക്കുന്നു. അവരുടെ കാലടികളിൽ നടപ്പാൻ സ്വർഗ്ഗീയ പിതാവ് വന്ദ്യ തിരുമേനിയെ സഹായിക്കട്ടെ.
വന്ദ്യ തിരുമേനി,
അങ്ങേയ്ക്ക് ഇവരിൽ ഒരാളായി തീരുവാൻ കഴിയുമോ! മോശെയാകാൻ പറ്റുമോ, യോശുവാ ആകാൻ കഴിയുമോ? അങ്ങ് അങ്ങു മാത്രം. സൃഷ്ടാവായ ദൈവത്തിന്റെ സൃഷ്ടി വൈഭവമാണ് ഇത്. സൃഷ്ടാവായ ദൈവം അങ്ങയെ, വ്യത്യസ്ഥനും, നിസ്തുലനുമായി സൃഷ്ടിച്ച് ഞങ്ങൾക്ക് പിതാവും വഴികാട്ടിയുമായി നിയമിച്ചു തന്നിരിക്കുന്നു.

You are unique
When you focuss on problems, you will have more problems, when you focuss on possibilities, you will have more opportunities.

ശ്രീ. വിവേകാനന്ദ സ്വാമികൾ നമ്മെ പഠിപ്പിക്കുന്നു.
Arise, Awake, Stop not, Until, your goal is achieved.

നവംബറിന്റെ നന്മ

1885 നവംബർ 15 -ാം തീയതി തിരുവിതാംകൂർ ഹൈക്കോടതി മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് തിരുമേനിക്ക് എതിരായി വിധി പ്രസ്താവിച്ച ദിനം. നമ്മൾ തോറ്റ ദിനം. 1909 നവംബർ 5 -ാം തീയതി തീത്തൂസ് രണ്ടാമൻ തിരുമേനിയുടെ സുന്ത്രീണിസോ ശുശ്രൂഷ നടന്ന ദിനം, മെത്രാപ്പോലീത്തയായി ചുമതല ഏറ്റദിനം. 1935 നവംബർ 14 -ന് ഇന്നേക്ക് 85 വർഷം മുമ്പ്, യൂഹാനോൻ മാർത്തോമ്മ, മാത്യൂസ് മാർ അത്താനാസ്യോസ് എന്നീ പിതാക്കന്മാർ റമ്പാന്മാരായ ദിനം.
1989 നവംബർ 4, ബഹുമാന്യരായ സി.ഐ. ജോർജ്ജ്, ജോർജ്ജ് ജേക്കബ്, ഈ.ഐ ചീരൻ എന്നി വൈദീകർ റമ്പാന്മാരായ ദിനം. ഇന്ന് 2020 നവംബർ 14 ശനിയാഴ്ച, രാജ്യം വെളിച്ചത്തിന്റെ പെരുനാളായ ദീപാവലിയും കുട്ടികളെ കുറിച്ചുള്ള കരുതലിൽ ശിശുദിനവും കൊണ്ടാടുന്നു. ഈ സുദിനത്തിൽ ദൈവം നമുക്കൊരു മെത്രാപ്പോലീത്തായെ നൽകി അനുഗ്രഹിക്കുന്നു.
വളരെ പ്രതീക്ഷയോടെ മലങ്കരയിലെ കുട്ടികൾ, യൗവ്വനക്കാർ,

സഹോദരികൾ മുതിർന്ന പൗരന്മാർ, സഭാ വിശ്വാസികൾ ഇതര സഭാ ഗാത്രത്തിൽ പെട്ടവർ, രാഷ്ട്രം, എല്ലാവരും, പ്രതീക്ഷയോടെ അങ്ങയെ നോക്കിയിരിക്കുന്നു.
21 ദിവസം അടയിരിക്കുന്ന പിടകോഴിക്ക് ചുറ്റും ജിജ്ഞാസയോടെ കാത്തിരിക്കുന്ന കുട്ടികളെപ്പോലെ, ഞങ്ങൾക്ക് ഒരു പിതാവ്, വഴികാട്ടി, എല്ലാവരെയും തമ്മിൽ ബന്ധിപ്പിക്കുന്ന സ്നേഹം നൽകിത്തരുന്ന ഒരു അമ്മ, ഉണ്ടായിവരും. ഞങ്ങൾ നോക്കിയിരിക്കുന്നു
ഫ്രാൻസിസ് പാപ്പായെ തിരഞ്ഞെടുത്ത 2013 മാർച്ച് 14 -ന് 117 കർദ്ദിനാളന്മാരുടെ സംഘത്തിൽ നിന്ന് കർദ്ദിനാൾ ബർഗോളിയ തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റേൻ ചാപ്പലിന്റെ പുക കുഴലിൽ വെളുത്ത പുക കണ്ടു. വരണാധികാരി ലോകത്തോടു പറഞ്ഞു - ഹബേ മൂസ് പാപ്പാം We have the pope.
അതേ ഇന്ന് നമുക്ക് ഒരു മെത്രാപ്പോലീത്താ നൽകപ്പെടുന്നു.
നാം നിൽക്കുന്ന മണ്ണ് ഉറപ്പുള്ളതായിരിക്കണം. മാർ പത്രോസ്, മാർ തോമസ് എന്നീ അപ്പോസ്തോലന്മാരുടെ വിശ്വാസ പ്രഖ്യാപനമാണ് സഭയുടെ അടിസ്ഥാന വിശ്വാസം.
യേശു കർത്താവാണ്. യേശു ദൈവമാണ്, യേശു രക്ഷകനാണ് എന്ന് ലോകത്തോട് പ്രഘോഷിപ്പാൻ സഭയെ അങ്ങ് ഒരുക്കുക.
വെളിച്ച വേഷം കെട്ടിയ ഉപദേഷ്ടാക്കന്മാരെയും പാതാള ഗോപുരത്തിന് ഉടയവരേയും തിരിച്ചറിവാൻ ദൈവം കൃപ ചെയ്യട്ടെ. പിതാവേ ഉറച്ചു നിന്ന് ഈ ആത്മീയ ഗൃഹം പണിയുക. ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക.
നിയുക്ത മെത്രാപ്പോലീത്താ തിരുമേനി, വന്ദ്യ പിതാക്കന്മാരേ, വികാരി ജനറാൾ അച്ചന്മാരേ, പ്രിയ സന്യസ്ഥരെ, ബഹുമാനപ്പെട്ട വൈദീകരേ സുവിശേഷകരേ, ലോകം എമ്പാടും ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്ന ദൈവ ജനമേ, ഏവർക്കും വന്ദനം. ദൈവത്തിന് സ്തോത്രം. പിതാക്കന്മാരെ നടത്തിയ ദൈവം തന്റെ സഭയെ അനുഗ്രഹിക്കട്ടെ.

പ്രാർത്ഥന
അതിരും തീരവുമില്ലാത്ത ദൈവമേ, ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, കർത്താവീശോ മശിഹായുടെ പിതാവാം ദൈവമേ, തിരുരക്തത്താൽ ഞങ്ങളെ വിണ്ടെടുത്ത ദൈവമേ, നിനക്കു സ്തുതി. വിശുദ്ധ സ്നാനം മൂലം അവിടുത്തെ ശരീരത്തോടു ഞങ്ങളെ ബന്ധിപ്പിച്ചതിനാൽ നിനക്കു സ്തുതി. കാലാകാലങ്ങളിൽ അവിടുത്തെ തിരുസഭയെ മേയിച്ചു ശുശ്രൂഷിപ്പാൻ അവിടുന്ന് വേർതിരിച്ച് വിളിച്ച് അഭിഷേകം ചെയ്ത എല്ലാ പിതാക്കന്മാർക്കായും നിനക്കു സ്തുതി. ഞാൻ എന്റെ ഹൃദയ പ്രാകാരമുള്ള ഇടയന്മാരെ നിങ്ങൾക്കു നൽകും എന്ന വാഗ്ദത്തം അവിടുന്ന് നിറവേറ്റുന്നതിനാൽ നിനക്കു സ്തുതി. 63-വർഷം ഞങ്ങൾക്ക് ഒരു വൈദീകനായും 45-വർഷം മേല്പട്ടക്കാരനായും 13-വർഷം മെത്രാപ്പോലീത്തയുമായി ധന്യമായ ശുശ്രൂഷ നിർവ്വഹിച്ച് തിരുസന്നിധിയിലേക്ക് വാങ്ങിപ്പോയ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിക്കായി ദൈവമേ നിനക്ക് സ്തുതി. ഞങ്ങൾക്ക് ഒരു പുതിയ മെത്രാപ്പോലീത്തായെ നൽകിയതിനാൽ നിനക്കു സ്തുതി. വന്ദ്യ

തിരുമേനിയുടെ ശ്രേഷ്ഠ മാതാപിതാക്കൾക്കായി, സഹോദരങ്ങൾക്കായി, അഷ്ടമുടി, പെരുനാട്, ഇടവകകൾക്കായി സ്തോത്രം. വൈദീകാഭ്യസനം നടത്തിയ സ്ഥാപനങ്ങൾക്കായി, അദ്ധ്യാപകർക്കായി, സ്നേഹിതർക്കായി സ്തോത്രം. തിരുമേനി ശുശ്രൂഷ ചെയ്ത ഇടവകകൾ, ഭദ്രാസനങ്ങൾ, സ്ഥാപനങ്ങൾ എല്ലാറ്റിനായി ദൈവമേ നിനക്കു സ്തോത്രം. ഞങ്ങൾക്ക് പിതാവും അങ്ങേയ്ക്ക് മകനുമായ തിരുമേനിക്ക് ശരീര സുഖവും മനസ്സിന് ബലവും കർത്താവിലുള്ള ആനന്ദവും നൽകി പരിശുദ്ധാത്മാവിൽ നിറച്ച് സ്വർഗ്ഗീയ ജ്ഞാനത്താൽ അവിടുത്തെ പരിശുദ്ധ സഭയെ നയിപ്പാൻ കൃപ നൽകി അനുഗ്രഹിക്കണമെന്ന് കർത്താവും ദൈവവും രക്ഷകനുമായ യേശു മൂലം പ്രാർത്ഥിക്കുന്നു.
ആമ്മീൻ

ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ